(ബി) പൊതുഭരണ സെക്രട്ടേറിയറ്റിലെ ജീവനക്കാർക്ക് വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ കീഴിൽ 'മികവിന്റെ കേന്ദ്രം' എന്ന പേരിൽ ഒരു പരിശീലന കേന്ദ്രം സ്ഥാപിതമായിട്ടുണ്ട്. ഇവിടെ പൊതുജന സമ്പർക്കത്തിൽ ജീവനക്കാർക്ക് മികവ് പുലർത്തുന്നതിനായി "Motivation and Inter Personal Relationship, Good governance through e-governance, Yoga and Stress Management" എന്നീ വിഷയങ്ങളിൽ ജീവനക്കാർക്ക് പരിശീലനം നൽകിവരുന്നു.

(സി) ഫ്രണ്ട് ഓഫീസിൽ ലഭ്യമായ ഇൻഫർമേഷൻ സംവിധാനം ഉപയോഗപ്പെടുത്തി ഫയൽ സംബന്ധമായ വിവരങ്ങൾ സന്ദർശകർക്ക് നൽകുന്നു. ആവശ്യമായ സാഹചര്യങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകളിൽ/സെക്ഷനുകളിൽ നിന്നും സന്ദർശകർക്ക് ഫോൺ മുഖേന വിവരങ്ങൾ ശേഖരിച്ചും നൽകിവരുന്നു.

## പാലക്കാട് ജില്ലയിലെ ജനസമ്പർക്ക പരിപാടി

46 (16) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ നടന്ന മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ആകെ ലഭിച്ച പരാതികൾ എത്രയാണ്; നേരിട്ട് ലഭിച്ചതും നേരത്തെ രജിസ്റ്റർ ചെയ്തതും പ്രത്യേകം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരാതികളിൽ എത്ര എണ്ണത്തിൽ അന്തിമ തീരുമാനമെടുത്തിട്ടുണ്ട്;

(സി) ചികിത്സാ ധനസഹായത്തിനു വേണ്ടി ഈ ജില്ലയിൽ ജനസമ്പർക്ക പരിപാടിയിലൂടെ ലഭിച്ച അപേക്ഷകൾ എത്ര;

(ഡി) ഇതിൽ എത്ര പേർക്ക് എത്ര തുക വിതരണം ചെയ്തു എന്നു വ്യക്തമാക്കാമോ;

(ഇ) അർഹരായ പലർക്കും ധനസഹായം ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ 30,852 അപേക്ഷകളും രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ 37,761 അപേക്ഷകളും മൂന്നാംഘട്ട

LIBRARY ARCHIVES Kerala Legislative Assembly

ജനസമ്പർക്ക പരിപാടി 'കരുതൽ 2015'-ൽ ഓൺലൈനായി 15,023 അപേക്ഷകളും നേരിട്ട് 18,234 അപേക്ഷകളും കൂടി ആകെ 1,01,870 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ഒന്നാംഘട്ടത്തിലെയും രണ്ടാം ഘട്ടത്തിലെയും മുഴുവൻ അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്. മൂന്നാംഘട്ടമായ 'കരുതൽ 2015'-ൽ 28,120 അപേക്ഷകളിൽ അന്തിമ തീരുമാനമെടുത്തിട്ടുണ്ട്.

(സി) മൂന്നു ഘട്ടങ്ങളിലായി 25,477 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ഡി) 13,107 പേർക്ക് തുക വിതരണം ചെയ്തിട്ടുണ്ട്.

(ഇ) മൂന്നു ഘട്ടങ്ങളിലുമായി ചികിത്സാ ധനസഹായത്തിന് വേണ്ടി ആകെ ലഭിച്ച അപേക്ഷകൾ 25,477 ആയിരുന്നു. അവയിൽ 13107 പേർക്ക് തുക വിതരണം ചെയ്തിട്ടുണ്ടെന്നു മറുപടി നൽകിയിരുന്നു. എന്നാൽ DBT വഴി 3,383 പേർക്ക് തുക വിതരണം ചെയ്തതുകൂടി ഉൾപ്പെടുത്തി ആകെ 16,490 പേർക്ക് തുക വിതരണം ചെയ്തിട്ടുണ്ട്. മൂന്നു ഘട്ടങ്ങളിലുമായി 7487 പേർ ധനനസഹായത്തിന് അനർഹരാണ്. ബാക്കിവരുന്ന 1500 പേർക്ക് ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

**പ്രതിപക്ഷനേതാവിന്റെ ഔദ്യോഗികവസതി മോടിപിടിപ്പിക്കുന്നതിന് വിനിയോഗിച്ച തുക**

47 (17) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതി മോടിപിടിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഈ സർക്കാരിന്റെ കാലത്ത് ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ടെലിഫോൺ ബിൽ, അതിഥി സൽക്കാരം, യാത്രാബത്ത എന്നീ ഇനങ്ങളിൽ ചെലവായ തുക എത്രയെന്ന് വിശദമാക്കുമോ;

(സി) ഔദ്യോഗിക വസതിയിലേയ്ക്ക് സാധന സാമഗ്രികൾ വാങ്ങുന്നതിന് ചെലവായ തുക എത്രയെന്ന് വിശദമാക്കുമോ?

GPM. 2/237/2020-69

LIBRARY ARCHIVES Kerala Legislative Assembly